# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6056** **10.07.2012 ൽ മറുപടിക്ക്**

### ഗൾഫ് മേഖലയിലേയ്ക്കുള്ള വിമാനക്കൂലി ഏകീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ. | ശ്രീ. കെ. സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള വിമാനക്കൂലി എയർ ഇന്ത്യ അമിതമായി വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള വിമാനയാത്രക്കൂലിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഗൾഫ് മലയാളികളുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(സി) എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന കമ്പനികൾ ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള യാത്രയ്ക്ക് ഈടാക്കുന്ന ചാർജ്ജ് ഏകീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;<br><br>(ഡി) ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും (ഡി) യും<br>അമിതമായ വിമാനക്കൂലി, തുടരെ തുടരെയുള്ള സർവ്വീസ് റദ്ദാക്കൽ എന്നുവമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബഹു. നോർക്ക മന്ത്രി കത്ത് മുഖാന്തിരം കേന്ദ്ര വ്യോമയാന മന്ത്രിയെ പലതവണ അറിയിക്കുകയുണ്ടായി. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജൂലൈ 2, 3 തീയതികളിൽ ഡൽഹിയിൽ നടന്ന ചർച്ചകളിലും ഈ വിഷയം സജീവമായി |

| | | |
|---|---|---|
| | | പരിഗണിച്ചിരുന്നു. ഗൾഫ് രാജ്യങ്ങളിലേയ്ക്ക് കൂടുതൽ വിമാന സർവ്വീസുകൾ അനുവദിക്കുക, സർവ്വീസ് റദ്ദാക്കൽ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുക, തുടങ്ങിയ ആവശ്യങ്ങളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ